തിരുവാഭരണപ്പാത

82 (2575) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവാഭരണപ്പാതയുമായി ബന്ധപ്പെട്ട് എവിടം മുതൽ എവിടംവരെയാണ് സർക്കാർ ഭൂമിയുള്ളത് ; ഇത് ഏതൊക്കെ പഞ്ചായത്തിലാണെന്ന് പറയാമോ ; എത്ര ഭൂമിയാണ് ആകെയുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) തിരുവാഭരണപ്പാതയിൽ എവിടെയെങ്കിലും കയ്യേറ്റം നടന്നിരുന്നോ ; എങ്കിൽ ഏതൊക്കെ വില്ലേജുകളിൽ എത്ര ഭൂമി ഇത്തരത്തിൽ കൈയ്യേറ്റം ചെയ്യപ്പെട്ടിരുന്നുവെന്ന് അറിയിക്കാമോ ;

(സി) ഏതൊക്കെ വില്ലേജുകളിലെ കയ്യേറ്റമാണ് ഒഴിപ്പിച്ചിട്ടുള്ളത് ; ഇതിലൂടെ എത്ര ഭൂമി വീണ്ടുകിട്ടി വ്യക്തമാക്കാമോ ;

(ഡി) ഇനി പാതയുടെ ഏതെങ്കിലും ഭാഗത്ത് കയ്യേറ്റം ഒഴിപ്പിക്കാനുണ്ടോ ; എങ്കിൽ എവിടെ എത്ര ഭൂമി ഒഴിപ്പിക്കാനുണ്ട് ; ഒഴിപ്പിച്ചെടുക്കാൻ എന്തുനടപടി സ്വീകരിച്ചു ; വിശദമാക്കാമോ ?

ഉത്തരം

(എ) പന്തളം മുതൽ പമ്പ വരെയാണ് തിരുവാഭരണപ്പാതയുമായി ബന്ധപ്പെട്ട ഭൂമിയുള്ളത്. കുളനട, മെഴുവേലി, ആറന്മുള, കോഴഞ്ചേരി, മല്ലപ്പുഴശ്ശേരി, അയിരൂർ, ചെറുകോൽ, റാന്നി, വടശ്ശേരിക്കര എന്നീ പഞ്ചായത്തുകളിൽകൂടി തിരുവാഭരണപ്പാത കടന്നുപോകുന്നു.

(ബി) കയ്യേറ്റങ്ങൾ നടന്നിരുന്നു. വില്ലേജുകൾ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വില്ലേജ്	കയ്യേറ്റത്തിന്റെ വിസ്തീർണ്ണം
(1)	(2)	(3)
1	കുളനട	1.66.61 ഹെക്ടർ
2.	മെഴുവേലി	29.06 ആർ
3.	കിടങ്ങൂർ	32.19 ആർ
(1)	(2)	(3)
4.	ആറന്മുള	40.16 ആർ
5.	മല്ലപ്പുഴശ്ശേരി	12.03 ആർ
6.	കോഴഞ്ചേരി	13.10 ആർ

LIBRARY ARCHIVES Kerala Legislative Assembly

7.	അയിരൂർ	18.10 ആർ
8.	ചെറുകോൽ	87.40 ആർ
9.	റാന്നി പെരുനാട്	തിട്ടപ്പെടുത്തിയിട്ടില്ല
10.	റാന്നി	44.51 ആർ
11.	വടശ്ശേരിക്കര	43.21 ആർ

(സി)

കോഴഞ്ചേരി	13 ആർ 10 ച. മീറ്റർ
അയിരൂർ	
ചെറുകോൽ	1.10.90 ഹെക്ടർ
റാന്നി	

(ഡി) കോഴഞ്ചേരി താലൂക്കിൽ കോഴഞ്ചേരി വില്ലേജ് ഒഴികെ ബാക്കിയുള്ള വില്ലേജുകളിലെ കയ്യേറ്റം ഒഴിപ്പിക്കൽ ബാക്കിയുണ്ട്. റാന്നി താലൂക്കിലെ റാന്നി, ചെറുകോൽ, വടശ്ശേരിക്കര വില്ലേജുകളിലായി 82.32 ആർ ഭൂമി ഒഴിപ്പിക്കാനുണ്ട്. റാന്നി, പെരിനാട് വില്ലേജിലെ കയ്യേറ്റം തിട്ടപ്പെടുത്തിയിട്ടില്ല. ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

തുക്കിരിപ്പുർ മണ്ഡലത്തിൽ തുക്കുപാലങ്ങൾ

83 (2576) ശ്രീ. കെ. കുഞ്ഞിരാമൻ (തുക്കിരിപ്പുർ) : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദുരന്ത നിവാരണ വകുപ്പ് മുഖേന തുക്കിരിപ്പുർ മണ്ഡലത്തിൽ പണിത രണ്ട് തുക്കുപാലങ്ങളിൽ ഒന്ന് തകർന്നതും രണ്ടാമത്തേത് പണി നിർത്തിവച്ചതുമായ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പാലങ്ങൾ പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ; പാലം തകർന്നതു സംബന്ധിച്ച അന്വേഷണങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാടക്കൽ പാലത്തിലുണ്ടായ വിനോദസഞ്ചാരികളുടെ അധികപ്രവാഹം കണക്കിലെടുത്ത് പടന്ന കടപ്പുറത്ത് നിർമ്മിക്കുന്ന പാലത്തിന്റെ ശേഷി വർദ്ധിപ്പിക്കണമെന്ന് പൊതുജനങ്ങളും ജനപ്രതിനിധികളും മറ്റ് സാങ്കേതിക വിദഗ്ധരും ആവശ്യപ്പെടുകയുണ്ടായതിനാൽ, ഈ നിർദ്ദേശം പരിഗണിച്ച് പുനർ രൂപകൽപ്പന തയ്യാറാക്കിവരികയാണ്. മാടക്കൽ തുക്കുപാലം തകർന്നത് സംബന്ധിച്ച കാര്യത്തിൽ കാസർഗോഡ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് വിജിലൻസ് അന്വേഷണം നടത്തി വി.സി.3/2014/ കെ.എസ്.ഡി. ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly